മഹാരാഷ്ട്രയിലെ സത്താറയിലുള്ള തരാലി ഡാമിന്റെ വാൽവ് അതിസമ്മർദ്ദം മൂലം പൊട്ടിയപ്പോൾ പിടിഐ

യുവ എൻജിനിയറുടെ മരണം: വെടിയേറ്റെന്ന് സ്ഥിരീകരണം

കോതമംഗലം: ഞായപ്പിള്ളി വനത്തിൽ നായാട്ടുസംഘത്തിലെ യുവാവ് മരിച്ചത് വെടിയേറ്റ് രക്തം വാർന്നെന്ന് പോസ്റ്റ് മോർട്ടം റിപ്പോർട്ട്. ആനക്കൂട്ടത്തിന്റെ ആക്രമണത്തിലാണ് പ്രദേശവാസിയായ യുവ എൻജിനിയർ വഴുതനാപ്പിള്ളി ടോണി മാത്യു(25) മരിച്ചതെന്നായിരുന്നു ആദ്യവിവരം. എന്നാൽ ആലപ്പുഴ മെഡിക്കൽ കോളജിൽ നടത്തിയ പോസ്റ്റുമോർട്ടത്തിൽ മരണകാരണം വെടിയേറ്റതാണെന്ന് സ്ഥിരീകരിച്ചതായിട്ടാണ് ലഭ്യമായ വിവരം. ഇതോടെ സംഭവത്തിൽ പൊലീസ് അന്വേഷണം ഊർജ്ജിതമാക്കി.

സംഭവത്തിന് ശേഷം ഒളിവിൽ പോയ ടോണിയുടെ സുഹൃത്തുക്കളായ ഷൈലറ്റ് ജോസഫ്, അജേഷ് രാജൻ എന്നിവരെക്കുറിച്ച് സൂചനകളൊന്നും ലഭിച്ചിട്ടില്ലെന്ന് പൊലീസ് അറിയിച്ചു. ടോണിയുടെ കാലിലാണ് വെടിയേറ്റിട്ടുള്ളത്. മൃതദേഹം കണ്ടപ്പോൾ തന്നെ നാട്ടുകാരും പൊലീസും കാലിലെ മുറിവ് ശ്രദ്ധിച്ചിരുന്നെങ്കിലും വെടികൊണ്ടതാണോ എന്ന കാര്യത്തിൽ സ്ഥിരീകരിക്കാനായില്ല.

ആലപ്പുഴ മെഡിക്കൽ കോളജിൽ പൊലീസ് സർജ്ജൻ നടത്തിയ പോസ്റ്റുമോർട്ടത്തിന്റെ ആരംഭഘട്ടത്തിൽ തന്നെ മുറിവ് വെടിയേറ്റതുമൂലം ഉണ്ടായതാണെന്ന് വ്യക്തമായി.തുടർന്നു നടത്തിയ വിശദമായ പരിശോധനയിൽ ഈ മുറവിൽ നിന്നുണ്ടായ അമിത രക്തപ്രവാഹമാണ് മരണത്തിന് കാരണമായതെന്നും സ്ഥിരീകരിച്ചു.ടോണിയുടെ ശരീരത്തിൽ ആന ആക്രമിച്ചതിന്റെ യാതൊരു ലക്ഷണവും കണ്ടിരുന്നില്ല.

ടോണി മാത്യു

ടോണിക്ക് വെടിയേറ്റ സാഹചര്യം സംബന്ധിച്ച് ഇനിയും വ്യക്തമായ സൂചനകൾ ഒന്നും ലഭിച്ചിട്ടില്ലെന്നാണ് പൊലീസ് നൽകുന്ന വിവരം.ഗുരുതരമായി പരിക്കേറ്റ് ആലുവയിലെ സ്വകാര്യ ആശുപത്രിയിൽ ചികത്സയിൽ കഴിയുന്ന ഒപ്പമുണ്ടായിരുന്ന ടോണിയുടെ സുഹൃത്ത് ബേസിലിനെ ചോദ്യംചെയ്തപ്പോൾ ലഭിച്ച വിവരം പൊടുന്നനെ ആനയുടെ മുന്നിൽ പെട്ടപ്പോൾ കുതറി ഓടുന്നതിനിടെ വീണ് പരിക്ക് പറ്റുകയായിരുന്നുവെന്നാണ്. തോക്ക് ടോണിയുടെ കൈവശം ആയിരുന്നെന്നും ഓടുന്നതിനിടയിൽ വെടി ശബ്ദം കേട്ടിരുന്നെന്നും ബേസിൽ മൊഴി നൽകി. എന്നാൽ ബേസിലിന്റെ മൊഴിയിൽ അവ്യക്തതയുണ്ടെന്നും ഒളിവിൽ പോയവരെയും ബേസിലിനെയും കസ്റ്റഡിയിൽ ചോദ്യം ചെയ്താലെ ശരിയായ വിവരം ലഭിക്കൂവെന്നും പൊലീസ് പറഞ്ഞു.ഒളിവിൽ പോയവർ വ്യാഴാഴ്ച ഉച്ചവരെ ആശുപത്രിയിലും പരിസര പ്രദേശങ്ങളിലും ഉണ്ടായിരുന്നതായി നാട്ടുകാർ പറയുന്നു.

നായാട്ടുകാർ അപകടത്തിൽപ്പെട്ട സ്ഥലം പാറക്കെട്ടുകൾ നിറഞ്ഞ പ്രദേശമാണ്. ഇതിനു മുകളിൽ നിന്നാണ് ആന ഇറങ്ങി വന്നത്. അപ്രതീക്ഷിത അക്രമണത്തിൽ പതറിയ സംഘത്തിലൊരാൾ ഒറ്റക്കുഴൽ തോക്ക് ഉപയോഗിച്ച് ആനയ്ക്കു നേരേ വെടി ഉതിർത്തിരിക്കാമെന്നും ഉന്നം തെറ്റി ഇതിന്റെ ചീള് ടോണിയുടെ കാലിൽ ഏറ്റതാകാമെന്നുമാണ് പൊലീസിന്റെയും വനം വകുപ്പധികൃതരുടെയും പ്രാഥമിക നിഗമനം.

ടോണിക്കും ബേസിലിനും നേരെ ആനയുടെ ആക്രമണമുണ്ടായെന്ന് സാഹചര്യത്തെളിവുകളിൽ നിന്നും വ്യക്തമാണെന്നാണ് സംഭവ സ്ഥലത്ത് തെളിവെടുത്ത വനംവകുപ്പ് ഉദ്യോഗസ്ഥർ നൽകുന്ന വിവരം.

ബുധനാഴ്ച രാത്രി എട്ടുമണിയോടടുത്തായിരുന്നു സംഭവം. തുടർന്ന് കൂട്ടത്തിലുണ്ടായിരുന്നവർ മലമുകളിൽ നിന്നും താഴെയെത്തി ആളെ കൂട്ടി മുകളിലേക്ക് തിരികെ എത്തിയപ്പോഴേക്കും മണിക്കൂറുകൾ പിന്നിട്ടിരുന്നു. രാത്രി 12 .45 ഓടെയാണ് ഇരുവരെയും കോതമംഗലത്തെ സ്വകാര്യആശുപത്രിയിൽ എത്തിച്ചത്. ഇവിടെ നടത്തിയ പരിശോധനയിലാണ് ടോണി മരണമടഞ്ഞതായി സ്ഥിരീകരിച്ചത്.

ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് കന്നുകാലി ഇൻഷുറൻസ് പദ്ധതി: മന്ത്രി കെ രാജു

കോഴിക്കോട്: ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് കന്നുകാലി ഇൻഷൂറൻസ് പദ്ധതിക്ക് സർക്കാർ രൂപം നൽകിയതായി വനം-മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ രാജു പറഞ്ഞു. ജില്ലാ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിലെ നവീകരിച്ച പരിശീലന ഹാളിൻെറ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇൻഷൂറൻസ് പദ്ധതിയുടെ ഭാഗമായി 40,000 പശുക്കളെ ഈ സാമ്പത്തിക വർഷം ഇൻഷൂർ ചെയ്യും. അടുത്ത സാമ്പത്തിക വർഷം മുതൽ എല്ലാ കന്നുകാലികളെയും ഇൻഷൂർ ചെയ്യാനാണ് ലക്ഷ്യമിടുന്നത്. ഇൻഷൂറൻസ് പ്രീമിയം തുകയുടെ 50 ശതമാനം സർക്കാറും 25 ശതമാനം വീതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കർഷകരും വഹിക്കണം. ക്ഷീര കർഷകർക്ക് പാലിന് വകുപ്പ് നൽകി വരുന്ന ഒരു രൂപ ബോണസിന് പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികളുടെ ഭാഗമായി സബ്സിഡി അനുവദിക്കുന്നതിൽ നിലനിന്നിരുന്ന തടസ്സം നീക്കാൻ നടപടിയായതായും മന്ത്രി പറഞ്ഞു.

സാധാരണക്കാർ വരുമാനം നേടുന്നതിനായി കൂടുതലായി ആശ്രയിക്കുന്ന മേഖല എന്ന നിലയിൽ മൃഗ സംരക്ഷണ രംഗത്ത് മികച്ച പദ്ധതികൾ നടപ്പിലാക്കും.സംസ്ഥാനത്തെ പാലുൽപ്പാദനം സ്വയംപര്യാപ്തയിലേക്ക് എത്തിക്കുന്നതിന് സർക്കാരും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും യോജിച്ച് പ്രവർത്തിക്കണം. ഇതിനായി പുതിയ പദ്ധതികൾ ആരംഭിക്കും. വൻകിട പശു വളർത്തൽ ഫാമുകൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. ക്ഷീര കർഷകരെ സഹായിക്കാനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുമെന്നും മന്ത്രി പറഞ്ഞു.

കോഴിക്കോട് ജില്ലാ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിലെ നവീകരിച്ച പരിശീലന ഹാളിന്റെ ഉദ്ഘാടനം വനം-മൃഗ സംരക്ഷണ വകുപ്പ് മന്ത്രി കെ രാജു നിർവഹിക്കുന്നു

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും ആടുവളർത്തൽ സംരംഭകത്വ പരിശീലനത്തിൻെറയും ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. 30 ലക്ഷം രൂപ ചെലവിട്ട് നിർമ്മിച്ചതാണ് പരിശീലന ഹാൾ. കൊയിലാണ്ടിയിലും വടകരയിലും ഉപ പരിശീലന കേന്ദ്രങ്ങൾ തുടങ്ങാൻ തീരുമാനമായിട്ടുണ്ട്.

ചടങ്ങിൽ കോർപറേഷൻ മേയർ തോട്ടത്തിൽ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ബാബു പറശ്ശേരി, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എൻ എൻ ശശി, കോർപറേഷൻ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൻ ടി വി ലളിത പ്രഭ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. എ സി മോഹൻദാസ്, പ്രൊജക്ട് ഓഫീസർ ഡോ. മേരി കെ അബ്രഹാം, ടി വി ബാലൻ, പി ടി ആസാദ്, സി സത്യചന്ദ്രൻ എന്നിവർ സംസാരിച്ചു.

ബന്ധു നിയമന വിവാദം

ഇ പി ജയരാജനെ ഒന്നാം പ്രതിയാക്കി വിജിലൻസ് കേസെടുത്തു

തിരുവനന്തപുരം: ബന്ധു നിയമന വിവാദത്തിൽ മുൻ മന്ത്രി ഇ പി ജയരാജനെ ഒന്നാം പ്രതിയാക്കി വിജിലൻസ് കേസെടുത്തു. കേസിൽ സുധീർ നമ്പ്യാർ രണ്ടാം പ്രതിയും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പോൾ ആന്റണി മൂന്നാം പ്രതിയുമാണ്. ജയരാജനെതിരെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് തിരുവനന്തപുരം വിജിലൻസ് പ്രത്യേക കോടതി ഇന്നു പരിഗണിക്കാനിരിക്കെയാണ് വിജിലൻസ്, ഇവർക്കെതിരെയുള്ള എഫ്ഐആർ ഇന്നലെ വിജിലൻസ് കോടതിയിൽ സമർപ്പിച്ചത്.

പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറായി സുധീർ നമ്പ്യാരെ നിയമിച്ചതിൽ ക്രമക്കേടു നടന്നതായുള്ള ആരോപണത്തിന്റെ അടിസ്ഥാനത്തിലും വിശദമായ അന്വേഷണം വേണ്ടതിനാലുമാണ് കേസെടുത്തതെന്നും വിജിലൻസ്, കോടതിയെ അറിയിച്ചു.

ജയരാജൻ മന്ത്രിയായിരിക്കെ വ്യവസായ അഡീഷണൽ ചീഫ് സെക്രട്ടറി പോൾ ആന്റണിക്ക് കുറിപ്പ് നൽകിയതും നിയമനവുമായി ബന്ധപ്പെട്ടുള്ള മറ്റു ഫയലുകളും വിജിലൻസ് ശേഖരിച്ചു. 2016 ഒക്ടോബർ 13നാണ് ഇ പി ജയരാജനെതിരെ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് പൊതുപ്രവർത്തകനായ പായ്ച്ചിറ നവാസ് തിരുവനന്തപുരം വിജിലൻസ് കോടതിയെ സമീപിച്ചത്. ഇതേ വിഷയത്തിൽ പ്രതിപക്ഷനേതാവിന്റെയും ബിജെപി നേതാവിന്റെയും പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ ജേക്കബ് തോമസ് പ്രാഥമിക അന്വേഷണത്തിന് ഉത്തരവിട്ടിരുന്നു. തുടർന്ന് വിജിലൻസ് കോടതി 45 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഉത്തരവിട്ടിരുന്നു.

കെജ്‌രിവാളിനെ കുടുക്കിയാൽ വെറുതെ വിടാമെന്ന് സിബിഐ ഉറപ്പു നൽകി

മുൻ പ്രിൻസിപ്പൽ സെക്രട്ടറിയുടെ വെളിപ്പെടുത്തൽ

ന്യൂഡൽഹി: ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെ കുടുക്കിയാൽ തന്നെ വെറുതേവിടാമെന്ന് സിബിഐ ഉറപ്പു നൽകിയതായി കെജ്‌രിവാളിന്റെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി രാജേന്ദ്ര കുമാറിന്റെ വെളിപ്പെടുത്തൽ. സ്വയം വിരമിക്കലിനായി ചീഫ് സെക്രട്ടറിക്കു നൽകിയ അപേക്ഷയിലാണ് രാജേന്ദ്രകുമാർ ഗുരുതര ആരോപണങ്ങൾ ഉന്നയിച്ചിരിക്കുന്നത്. കോർപറേറ്റ് വിഭാഗം മന്ത്രാലയത്തിലെ മുൻ ഉദ്യോഗസ്ഥനായിരുന്ന ബി കെ ബൻസാലിന്റെയും കുടുംബത്തിന്റെയും ആത്മഹത്യക്കു പിന്നിലും സിബിഐ ആണെന്ന് രാജേന്ദ്രകുമാർ ആരോപിക്കുന്നു.

ഡൽഹി മുഖ്യമന്ത്രിയുടേയും ഉദ്യോഗസ്ഥരുടേയും ഓഫീസ് റെയ്ഡ് ചെയ്ത് സിബിഐ നടത്തിയ അറസ്റ്റും പിന്നീടുണ്ടായ പീഡനങ്ങളും മനസ് മടുപ്പിച്ചെന്നാണ് രാജേന്ദ്ര കുമാർ ചീഫ് സെക്രട്ടറിക്ക് അയച്ച കത്തിൽ പറയുന്നത്. 2015 ഡിസംബറിലാണ് രാജേന്ദ്ര കുമാറിന്റെ ഓഫീസ് സിബിഐ റെയ്ഡ് ചെയ്തത്. കഴിഞ്ഞവർഷം ജൂലൈയിൽ അറസ്റ്റ് ചെയ്യുകയും ചെയ്തു.

ചോദ്യം ചെയ്യലിന് ഇടയിൽ സിബിഐ ഉദ്യോഗസ്ഥർ അടിക്കടി ആവശ്യപ്പെട്ടതും പറഞ്ഞതും കെജ്‌രിവാളിനെ കുടുക്കിയാൽ വെറുതെ വിടാം എന്നാണ്. താനടക്കം ഡസൻ കണക്കിനാളുകളെ മർദ്ദിച്ചും സമ്മർദ്ദം ചെലുത്തിയും ഡൽഹി മുഖ്യമന്ത്രിയെ കുടുക്കാൻ ആവശ്യപ്പെട്ടു. പലർക്കും ഗുരുതരമായി പരിക്കു പറ്റി. ഇതെല്ലാം ഗവൺമെന്റിലുള്ള എല്ലാവർക്കും അറിയാം. എന്നാൽ ആരും ശബ്ദമുയർത്തില്ല. ഇതേ സിബിഐക്കാരാണ് ബൻസാലിനേയും മകനേയും ആത്മഹത്യക്ക് പ്രേരിപ്പിച്ചത്. അദ്ദേഹത്തിന്റെ ഭാര്യയും മകളും അതിന് മുമ്പേ അതിക്രമം സഹിക്കാനാവാതെ ആത്മഹത്യ ചെയ്തെന്നും എല്ലാവർക്കും അറിയാം. അവരെ കൊന്നതാണ്, സിബിഐയുടെ അഴിമതി വിരുദ്ധ വിഭാഗവും മേൽനോട്ടം വഹിക്കുന്ന സർക്കാരുമാണ് ഈ കൊലപാതകങ്ങൾക്ക് ഉത്തരവാദി. ബൻസാലിന്റേയും മകന്റേയും ആത്മഹത്യ കുറിപ്പ് താൻ വായിച്ചതാണ്. പീഡനങ്ങളും അസഭ്യ പ്രയോഗങ്ങളുമെല്ലാം അതിൽ വിശദീകരിച്ചിട്ടുണ്ട്. ആത്മഹത്യ കുറിപ്പുണ്ടായിട്ടും ഈ കൊലപാതകികൾക്കെതിരെ കേസില്ലെന്ന് രാജേന്ദ്രകുമാർ കത്തിൽ പറയുന്നു.

സിവിൽ സർവ്വീസ് ഉദ്യോഗസ്ഥനെന്ന നിലയിൽ രാഷ്ട്രീയ നിഷ്പക്ഷത പുലർത്തിയതിനുള്ള വിലയാണ് കള്ളക്കേസുകളിൽ കുടുക്കൽ. നീതിയുക്തമായ സമീപനം കേന്ദ്ര ഏജൻസികളിൽ നിന്നു ലഭിക്കില്ലെന്നാണ് കഴിഞ്ഞ കുറച്ചു മാസങ്ങളിലെ സാഹചര്യങ്ങളിൽനിന്നും മനസിലാക്കാൻ കഴിഞ്ഞതെന്നും അദ്ദേഹം കത്തിൽ കൂട്ടിച്ചേർക്കുന്നു.

മക്കയിൽ കുന്നുകളും പൈതൃക നിർമ്മിതികളും തകർക്കുന്നതിന് വിലക്ക്

കെ രംഗനാഥ്

മക്ക: ലോകത്തെ ഏറ്റവും വലിയ മുസ്‌ലിം പുണ്യതീർഥാടന കേന്ദ്രമായ മക്കയുടെ പരിസ്ഥിതിനാശത്തിനു തടയിടാൻ സൗദി സർക്കാർ നടപടികൾ ആരംഭിച്ചു.

വികസനത്തിന്റെയും ഹജ്ജ് തീർഥാടനത്തിന്റെയും പേരിൽ പോലും പരിസ്ഥിതി തകർക്കാൻ പാടില്ലെന്ന സൗദി നിലപാടിന് അനുരോധമായാണ് മക്കയിലെ കുന്നിൻപ്രദേശങ്ങൾ ഇടിച്ചുനിരപ്പാക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയത്. ഒട്ടോമൻ തുർക്ക് സാമ്രാജ്യകാലത്തെ 18-ാം നൂറ്റാണ്ടിലെ ചരിത്ര സ്മാരകങ്ങൾ നിലംപരിശാക്കി മക്കയിൽ ലോകത്തെ ഏറ്റവും വലിയ ഘടികാരമുള്ള ടവർ ക്ലോക്ക് ഹോട്ടൽ പണിതത് സാർവദേശീയമായി വൻ പ്രതിഷേധം വിളിച്ചുവരുത്തിയിരുന്നു. അർധചന്ദ്രാകൃതിയിൽ 'അള്ളാഹു അകബർ' എന്ന് ആലേഖനം ചെയ്ത ഘടികാരത്തിന്റെ മധ്യഭാഗത്തെ മുറികളിൽ ലക്ഷങ്ങൾ വാടകനൽകിയാണ് ലോകത്തെ മെഗാ കോടീശ്വരന്മാർ തീർഥാടനവേളയിൽ മക്കാപള്ളിയെ ദർശിച്ചു നമസ്കാരം നടത്തിവരുന്നത്.

ടവർ ക്ലോക്ക് ഹോട്ടലിൽ അർധചന്ദ്രാകൃതിയിലുള്ള ഘടികാരത്തിനുള്ളിലെ മുറിയിൽ നിസ്കരിക്കുന്ന ഹജ്ജ് തീർഥാടകർ

ആഗോള ഭീകര തലവനായിരുന്ന ഒസാമ ബിൻലാദന്റെ കുടുംബ കമ്പനിയും ലോകത്തെ ഏറ്റവും വലിയ നിർമ്മാണ കമ്പനികളിലൊന്നുമായ സൗദി ബിൻലാദിൻ ഗ്രൂപ്പിനായിരുന്നു ഹോട്ടൽ നിർമ്മാണ കരാർ.

ഈ ഹോട്ടൽ നിർമ്മാണത്തിന് ചരിത്രത്തിന്റെ തിരുശേഷിപ്പുകൾ തകർത്തതിനെതിരെ വൻരോഷമാണ് ലോകമാസകലം ഇരമ്പിയത്. ചരിത്രപ്രാധാന്യമുള്ള മുന്നൂറോളം സ്മാരകങ്ങളാണ് വികസനത്തിനുവേണ്ടി കഴിഞ്ഞ അരനൂറ്റാണ്ടിനുള്ളിൽ തരിപ്പണമാക്കിയത്. പ്രവാചക നബിയുടെ കാലത്തെ ഇരുപതോളം പൈതൃക നിർമ്മിതികളേ മക്കയിൽ ഇനി അപനിർമ്മിതിക്കിരയാകാതെ അവശേഷിക്കുന്നുള്ളു.

പൈതൃകസ്വത്തുക്കൾക്കു പുറമേ പ്രകൃതിമനോഹരമായ മക്കയിലെ കുന്നുകളിലും നിർമ്മാണ കമ്പനികൾ കൈവച്ചതോടെയാണ് സർക്കാരിന്റെ നിരോധന ഉത്തരവ്.

ഉമ്മൻചാണ്ടിയെ അനുനയിപ്പിക്കാൻ ഹൈക്കമാൻഡ് ഇടപെടുന്നു

സ്വന്തം ലേഖകൻ

കൊച്ചി: ഡി സി സി പുനഃസംഘടനയെ തുടർന്ന് പുറംതിരിഞ്ഞു നിൽക്കുന്ന ഉമ്മൻചാണ്ടിയെ അനുനയിപ്പിക്കാൻ കോൺഗ്രസ് ഹൈക്കമാൻഡിന്റെ ശ്രമം. ഡി സി സി പുനഃസംഘടനയെ തുടർന്ന് കോൺഗ്രസ് നേതൃത്വത്തിൽ കേന്ദ്രസർക്കാരിനെതിരെ നടന്ന സമരങ്ങളിൽ പങ്കെടുക്കാൻ എത്തിയ എഐസിസി സെക്രട്ടറി ദീപക് ബാബറിയ അനുനയ നീക്കങ്ങൾക്ക് തുടക്കം കുറിച്ചു.

കോൺഗ്രസിലെ മുതിർന്ന നേതാക്കളിൽ ഒരാളായ ഉമ്മൻചാണ്ടി ഏതെങ്കിലും തരത്തിലുള്ള അച്ചടക്ക ലംഘനം നടത്തിയതായി കരുതുന്നില്ലെന്ന് എഐസിസി സെക്രട്ടറി ദീപക് ബാബറിയ പറഞ്ഞു. എന്നാൽ ഉമ്മൻചാണ്ടിയുമായി നേരിട്ടുള്ള ചർച്ചകൾക്ക് ദീപക് ബാബറിയ മുൻ കൈയെടുത്തില്ല. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ യുഡിഎഫിനുണ്ടായ കനത്ത തിരിച്ചടിയും കോൺഗ്രസ് നേതൃത്വത്തിന്റെ പുനർവിചിന്തനത്തിന് കാരണമായിട്ടുണ്ട്. യുഡിഎഫിലെ ഘടകകക്ഷികളെ മുൻനിർത്തി വി എം സുധീരനെ ആക്രമിക്കുകയെന്ന ശൈലിയാണ് ഉമ്മൻചാണ്ടി കൈക്കൊണ്ടിരുന്നത്. ഇതിനിടയിൽ പാലയിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർഥിയടക്കമുള്ളവരെ പരാജയപ്പെടുത്തി കേരള കോൺഗ്രസ് (എം), വിജയം കണ്ടെത്തി. കോട്ടയം, ഇടുക്കി ജില്ലയിൽ കേരള കോൺഗ്രസിനെതിരെ കോൺഗ്രസ് പ്രവർത്തകർക്കിടയിലുള്ള വിരോധം ഒന്നുകൂടി വർധിക്കാൻ ഈ നടപടി ഇടയാക്കിയിട്ടുണ്ട്. ലീഗും, കേരള കോൺഗ്രസും അടങ്ങുന്ന ഗ്രൂപ്പിനെ കൂടെ കൂട്ടി സുധീരനെ അടിക്കുകയെന്ന നിലപാടിനെതിരെ എ വിഭാഗത്തിലെ ഒരു വിഭാഗം തന്നെ രംഗത്തുവന്നിട്ടുണ്ട്.

മറ്റൊരു വശത്ത് എം എം ഹസ്സൻ അടക്കമുള്ള എ വിഭാഗം സുധീരനുമായി ഒത്തു തീർപ്പിനു ശ്രമിക്കുന്നതായി സൂചനയുണ്ട്. ഇന്നലെ എറണാകുളം ഗസ്റ്റ് ഹൗസിൽ സുധീരനും ഹസ്സനും തമ്മിൽ കൂടിക്കാഴ്ച നടന്നു. ജയ്ഹിന്ദ് ടി വി യുമായി ബന്ധപ്പെട്ട ചർച്ചകൾക്കായിരുന്നു കൂടികാഴ്ചയെന്നാണ് എ വിഭാഗം ചൂണ്ടികാട്ടിയത്. വരും ദിവസങ്ങളിൽ നടക്കുന്ന ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ പദവി ലക്ഷ്യമിട്ടുകൊണ്ട് ചില കോൺഗ്രസ് നേതാക്കൾ നടത്തുന്ന അന്തർനാടകങ്ങളും ഗ്രൂപ്പു വഴക്കിന് ആക്കം പകരുന്നുണ്ടെന്നാണ് സൂചന. സംസ്ഥാനത്തെ ചില കോൺഗ്രസ് നേതാക്കൾക്ക് രാഹുൽ ഗാന്ധിയെക്കാൾ അടുപ്പം മോഡിയോടാണെന്ന ആരോപണവും കോൺഗ്രസ് പ്രവർത്തകർക്കിടയിലുണ്ട്.

കൊച്ചിയിൽ ഇന്നലെ എ ഗ്രൂപ്പിലെ അതൃപ്തരിൽ ഒരു വിഭാഗം വി എം സുധീരനെ ഒറ്റയ്ക്കും കൂട്ടവുമായി കണ്ട് ചർച്ച നടത്തി. പല കാരണങ്ങൾ കൊണ്ട് പദവികളിൽ നിന്ന് മാറ്റിനിർത്തപ്പെട്ട പലർക്കും ഇനി അത്തരമൊരു അവസ്ഥ ഉണ്ടാവില്ലെന്ന ഉറപ്പാണ് സുധീരൻ നൽകിയത്.

ഹൈക്കമാൻഡിനെതിരെ പരസ്യമായ വെല്ലുവിളി ഉമ്മൻചാണ്ടി നടത്തിയെങ്കിലും അതേറ്റുപിടിച്ചു കൂടുതൽ കുഴപ്പങ്ങൾക്ക് തുടക്കം കുറിയ്ക്കേണ്ടയെന്ന നിലപാടാണ് ഹൈക്കമാൻഡിന്റേതെന്ന സൂചനയാണ് ദീപക് ബാബറിയ ഇന്നലെ കൊച്ചിയിൽ തുടങ്ങിയത്.

സൗദിയിൽ കുടുങ്ങിയ 38 സ്ത്രീകളെ മോചിപ്പിക്കണമെന്ന ആവശ്യവുമായി കുടുംബാംഗങ്ങൾ

സ്വന്തം ലേഖകൻ

കൊച്ചി: കോടിക്കണക്കിന് രൂപ പ്രവാസി ഭാരതീയ ദിനാഘോഷത്തിന് മുടക്കുന്ന കേന്ദ്രസർക്കാർ, വീട്ടുജോലിക്കായി പോയി ഗൾഫ് നാടുകളിൽ കുടുങ്ങിയ സാധാരണക്കാർക്ക് നേരെ മുഖം തിരിക്കുന്നു. കേരളത്തിൽ നിന്ന് വീട്ടുജോലിക്കായും ഇതര ജോലികൾക്കുമായി സൗദി അറേബ്യയിൽ മാത്രം പോയ 64 സ്ത്രീകൾ ഇത്തരത്തിൽ കുടുങ്ങിക്കിടക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.ഇവരിൽ ഇരുപത്തിയെട്ട് പേരെ തിരിച്ചു കൊണ്ടുവരാൻ സെന്റർ ഫോർ ഇന്ത്യൻ മൈഗ്രന്റ്സ് സ്റ്റഡീസ് (സിഐഎംഎസ്) എന്ന സംഘടനയ്ക്ക് കഴിഞ്ഞു.

എന്നാൽ രാജ്യസഭയിലും ലോക്സഭയിലും ഉന്നയിച്ച ചോദ്യത്തിനായുള്ള മറുപടിയിൽ വീട്ടുജോലിക്കാരുടെ പീഡനം സംബന്ധിച്ച നാലു കേസുകൾ മാത്രമാണ് നിലവിലുള്ളതെന്നാണ് പറഞ്ഞിട്ടുള്ളത്. ബഹറിനിൽ മാത്രം ഇന്ത്യൻ വീട്ടുജോലിക്കാരുടെ 93 കേസുകൾ നിലനിൽക്കുന്നുണ്ട്. അനൗദ്യോഗികമായി സന്നദ്ധസംഘടനകൾ അഭയം നൽകിയ കേസാണ് ഇതെല്ലാം.

കേരളത്തിൽ നിന്ന് സൗദിയിലെ വിവിധ സ്ഥലങ്ങളിലെത്തി നിരന്തര പീഡനം ഏറ്റ് തിരിച്ച് നാട്ടിലെത്തിയ ഇരുപത്തിയെട്ടുപേർക്കും പറയാനുള്ളത് ഇന്ത്യാ ഗവൺമെന്റിന്റെ അവഗണനമാത്രം. പ്രാഥമിക വിദ്യാഭ്യാസം മാത്രമുള്ള ഭൂരിഭാഗം പേരും കടുത്ത ദാരിദ്ര്യത്തെ തുടർന്നാണ് സൗദിയിലേക്ക് പോകാൻ തയ്യാറെടുത്തത്. ഏജന്റുമാർക്ക് നാൽപ്പതിനായിരം മുതൽ അൻപതിനായിരം രൂപ വരെ നൽകിയിട്ടുണ്ട്.

പത്തനംതിട്ടയിലെ ഹക്കീം എന്ന ഏജന്റിന് അൻപതിനായിരം രൂപ നൽകിയാണ് ഷീജ കുട്ടപ്പൻ റിയാദിൽ പോയത്. എട്ടു ദിവസം മുംബൈയിൽ താമസിപ്പിച്ച ശേഷമായിരുന്നു റിയാദിൽ എത്തിയത്. പത്തുപേരടങ്ങുന്ന കുടുംബത്തിലായിരുന്നു ജോലി. ജോലി ചെയ്ത് തളർന്നിരിക്കുമ്പോൾ പിന്നിൽ വന്ന് ഷൂവിട്ട് ചവിട്ടുന്നതായിരുന്നു അറബിയുടെ ഹോബിയെന്ന് ഷീജ പറയുന്നു. വിസ പുതുക്കാൻ ഇന്ത്യൻ എംബസിയിലെ മലയാളി ഉദ്യോഗസ്ഥൻ പോലും ഷീജയെ സഹായിക്കാൻ തയ്യാറായില്ല. കൈതല്ലിയൊടിക്കപ്പെട്ട നിലയിൽ ദേഹമാസകലം നീരുമായി റിയാദ് വിമാനത്താവളത്തിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ എത്തിയ ഷീജക്ക് നാട്ടിൽ നിന്ന് ടിക്കറ്റ് അയച്ചു കൊടുത്തതിനെ തുടർന്നാണ് നരകത്തിൽ നിന്ന് മടങ്ങാൻ കഴിഞ്ഞത്.

സൗദിയിൽ നിന്നും മടങ്ങി എത്തിയ യുവതികൾ മാധ്യമങ്ങൾക്ക് മുന്നിൽ തങ്ങൾ നേരിട്ട ദുരനുഭവങ്ങൾ വിവരിക്കുമ്പോൾ വിങ്ങിപൊട്ടുന്നു

സൗദിയിൽ നിന്ന് മടങ്ങിയ സിന്ധു പ്രസന്നന്റെ കഥയും വ്യത്യസ്തമല്ല. നിരന്തരം പീഡനം മൂലം അപസ്മാര ബാധയുണ്ടായ സിന്ധുവിനെ അറബി ആശുപത്രിയിൽ എത്തിച്ചെങ്കിലും പിന്നീട് മാനസികനില തന്നെ തെറ്റി.

കൗമാരം കഴിഞ്ഞ നന്ദകുമാറിന് കഴിഞ്ഞ ഒൻപതുമാസമായി കുവൈറ്റിൽ ജോലിക്കുപോയ തന്റെ അമ്മ എവിടെയാണെന്ന് പോലും അറിയില്ല. കൊടുമൺ സ്വദേശിയായ നന്ദകുമാർ പ്ലസ്ടു 60 ശതമാനത്തി